"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രസിദ്ധീകരണമായി തദ്ദേശകം മാസിക പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് മുൻകാലപ്രാബല്യത്തോടെ അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐബി) വകുപ്പ്**

സ.ഉ.(സാധാ) നം.1721/2025/LSGD തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-
1. ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 4/04/2023-ന് ചേർന്ന യോഗത്തിലെ തീരുമാനം
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24/03/2025,19/05/2025 തീയതികളിലെ LSGD/PD/6351/2025-PR1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരിച്ചിരുന്ന പഞ്ചായത്ത് രാജ് മാസികയും ഗ്രാമവികസന വകുപ്പ് പ്രസിദ്ധീകരിച്ചിരുന്ന ഗ്രാമഭൂമി ദ്വൈമാസികയും സംയോജിപ്പിച്ച് "തദ്ദേശകം "എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കാൻ പരാമർശം (1) പ്രകാരം ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു.

2. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ "തദ്ദേശകം" എന്ന പേര് രജിസ്റ്റർ ചെയ്യുകയും പ്രസ്സ് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ടെന്നും "തദ്ദേശകം " മാസികയുടെ ആദ്യ ലക്കത്തിന്റെ പ്രകാശനം തദ്ദേശദിനാഘോഷത്തിനോട് അനുബന്ധിച്ച് 2025 ഫെബ്രുവരി 19- ാം തീയതി നിർവഹിക്കപ്പെട്ടിട്ടുള്ളതാണെന്നും തുടർ ലക്കങ്ങൾ പ്രസിദ്ധീകരിക്കുന്നതിലേക്കും അച്ചടിച്ചുമതല ഗ്രാമലക്ഷ്മി മുദ്രാലയത്തിനെ ഏൽപിക്കുന്നതിനും വരിക്കാരെ ചേർക്കുന്നത് സംബന്ധിച്ചും വരിസംഖ്യ പിരിച്ചെടുക്കുന്നത് സംബന്ധിച്ചും തദ്ദേശ സ്ഥാപനങ്ങൾക്ക് ഉചിത നിർദ്ദേശങ്ങൾ നൽകുന്നതിന് അനുമതി നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രസിദ്ധീകരണമായി തദ്ദേശകം മാസിക 2025 ഫെബ്രുവരിമാസം മുതൽ പുറത്തിറങ്ങിയിട്ടുള്ളതാണ്. ആകയാൽ പ്രസ്തുത മാസികയുടെ പ്രസിദ്ധീകരണത്തിനും വിതരണത്തിനും ചുവടെച്ചേർക്കുന്ന വ്യവസ്ഥകൾക്കു വിധേമായി മുൻകാല പ്രാബല്യത്തോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഈ മാസികയുടെ പ്രസിദ്ധീകരണത്തിന് ആർ എൻ ഐ സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഓണർ ആയി പ്രിൻസിപ്പൽ ഡയറക്ടറേയും എഡിറ്റർ ആയി ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ & പബ്ലിക്കേഷൻസ് വിഭാഗം ,പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-നേയും

നിശ്ചയിക്കേണ്ടതാണ്.

ii) തദ്ദേശകം മാസികയുടെ അച്ചടി, വിതരണം എന്നിവയുടെ ചുമതല ഗ്രാമലക്ഷ്മി മുദ്രാലയത്തിനെ ഏൽപ്പിക്കേണ്ടതാണ്.

iii) തദ്ദേശകം മാസികയുടെ ഒരു ലക്കത്തിന്റെ വില മുപ്പത് രൂപയായും വാർഷിക വരിസംഖ്യ മുന്നൂറ് രൂപയായും നിജപ്പെടുത്തുക.

iv) തദ്ദേശകം മാസികയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിലേക്ക് ഫുൾ പേജ്, ഹാഫ് പേജ്, ക്വാർട്ടർ പേജ് എന്നിവയുടെ പരസ്യ നിരക്ക് യഥാക്രമം 30000/- രൂപ(മുപ്പതിനായിരം രൂപ മാത്രം), 20000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) 15000/- രൂപ (പതിനയ്യായിരം രൂപ മാത്രം) എന്നിങ്ങനെ നിശ്ചയിക്കുക.

v) ജില്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, സെക്രട്ടറി എന്നിവർക്ക് തദ്ദേശകം മാസിക വാങ്ങുന്നതിനും ആയതിന്റെ വരിസംഖ്യ ഉചിതമായ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനും ടി തുക മാസികയുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും ചീഫ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ ഒടുക്കുന്നതിനും അനുമതി നൽകുന്നു.

vi) നഗരസഭകളിലെ ജനപ്രതിനിധികൾ, സെക്രട്ടറി എന്നിവർക്ക് തദ്ദേശകം മാസിക വാങ്ങുന്നതിനും ആയതിന്റെ വരിസംഖ്യ തനതു ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനും ടി തുക തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും ചീഫ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ ഒടുക്കുന്നതിനും; അനുമതി നൽകുന്നു.

vii) ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, സെക്രട്ടറി എന്നിവർക്ക് തദ്ദേശകം മാസിക വാങ്ങുന്നതിനും വരിസംഖ്യ ഉചിതമായ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനും ടി തുക തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും ചീഫ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ ഒടുക്കുന്നതിനും അനുമതി നൽകുന്നു.

viii) ഗ്രാമ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ ,സെക്രട്ടറി എന്നിവർക്ക് തദ്ദേശകം മാസിക വാങ്ങുന്നതിനും ആയതിന്റെ വരിസംഖ്യ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനും ടി തുക തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും ചീഫ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ ഒടുക്കുന്നതിനും അനുമതി നൽകുന്നു.

ix) പൊതുജനത്തിന് ലക്കത്തിന് മുപ്പത് രൂപ നിരക്കിലും വാർഷിക വരിസംഖ്യ 300 രൂപ നിരക്കിലും മാസിക വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും ചീഫ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ തുക ഒടുക്കുന്നതിനും അനുമതി നൽകുന്നു.

x) തദ്ദേശകം മാസികയുടെ വരിക്കാരെ ചേർക്കുന്നതിനുള്ള ചുമതല ജില്ലാ തലത്തിൽ ജില്ലാ വനിതാ ക്ഷേമ ഓഫീസർക്കും, ബ്ലോക്ക് തലത്തിൽ എക്സ്റ്റൻഷൻ ആഫീസർ ,വനിതാ ക്ഷേമത്തിനും, പഞ്ചായത്ത് തലത്തിലും നഗരസഭാ തലത്തിലും ഗ്രാമപഞ്ചായത്ത്/ നഗരസഭ ഓഫീസ് മേധാവി നിശ്ചയിക്കുന്ന ജൂനിയർ സൂപ്രണ്ടുമാർക്കും നൽകുന്നതിനും ജില്ലയിലെ സാഹചര്യത്തിനനുസരിച്ച് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് വിവിധ ജീവനക്കാരെ ഇതിനായി ചുമതലപ്പെടുത്തുന്നതിനും ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് മേൽനോട്ട ചുമതല നൽകുന്നതിനും. അനുമതി നൽകുന്നു.

xi) മേൽ സൂചിപ്പിച്ച പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെയും ചീഫ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ ലഭ്യമായ തുക തുടർമാസങ്ങളിലെ പ്രിന്റിങ്-ന് ഉപയോഗിക്കേണ്ടതാണ്

xii) ആകെ പ്രിന്റ് ചെയ്യുന്ന കോപ്പികൾ ആവശ്യത്തിൽ അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

xiii) തദ്ദേശകം മാസിക ഇ-ബുക്ക് രൂപത്തിൽ കൂടി പുറത്തിറക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

To
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം,
എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ &ഇ),കേരള ,തിരുവനന്തപുരം
സെക്രട്ടറി,ക്ലൂസ് ,തിരുവനന്തപുരം
ഇൻഫർമേഷൻ &പബ്ളിക് റിലേഷൻസ് (വെബ്&ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 14-07-2025 11:28:14